(സി) വന്യമൃഗങ്ങളുടെ ശല്യംമൂലം കൃഷിനാശം സംഭവിച്ചവർക്ക് നഷ്ട പരിഹാരം നൽകുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വന്യജീവി ആക്രമണം ഉണ്ടാകാറുള്ള പ്രദേശങ്ങളിൽ 3 കി.മീ. ദൂരം വൈദ്യുത കമ്പിവേലി നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആറളം ഫാമിൽ കാട്ടാനക്കൂട്ടങ്ങൾ ഇറങ്ങുമ്പോൾ താൽക്കാലിക വാച്ചർമാരുടെയും ആറളം ഫാം തൊഴിലാളികളുടെയും സഹായത്തോടെ വന സംരക്ഷണ ഉദ്യോഗസ്ഥന്മാർ കാട്ടാനകളെ കാട്ടിലേക്ക് ഓടിച്ചുവിടാറുണ്ട്.

(സി) നഷ്ടപരിഹാരത്തുക കാലതാമസം കൂടാതെ നിയമാനുസരണം വിതരണം ചെയ്യുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

56 (344) വനം വകുപ്പുദ്യോഗസ്ഥന്മാരുടെ സർവ്വീസ് കാലാവധി നീട്ടിക്കൊടുത്ത നടപടി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ സർവ്വീസ് കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഉദ്യോഗസ്ഥൻമാരുടെ സർവ്വീസ് കാലാവധിയാണ് നീട്ടിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

57 (345) ഫോറസ്റ്റ് ഗാർഡുകളുടെ ഒഴിവുകൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ പി. എസ്. സി. തയ്യാറാക്കിയിട്ടുള്ള ഫോറസ്റ്റ് ഗാർഡുമാരുടെ ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഇതുവരെ എത്ര ഒഴിവുകളാണ് ഈ തസ്തികയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നറിയുമോ;

(സി) ഈ ലിസ്റ്റിൽ നിന്നും എത്ര പേരെ അഡ്വൈസ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് ഏല്ലാ ജില്ലകളിലും ഉണ്ടാകുന്ന ഒഴിവുകൾ പൂർണ്ണമായും നികത്താൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) ഇതുവരെ 559 ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(സി) 611 പേരെ അഡ്വൈസ് ചെയ്തിട്ടുണ്ട്.

(ഡി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അവ നീക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

58 (346) കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഷെഡ്യൂളുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തെങ്കിലും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ദേശസാൽകൃത മേഖലയിലെയും യാത്രക്കാരുടെ തിരക്കു കൂടുതൽ ഉള്ളതും വരുമാനം കൂടുതൽ ലഭിക്കുന്നതുമായ സർവ്വീസുകൾക്കും മുൻഗണന നൽകി പരമാവധി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാൻ നടപടികളെടുത്തിട്ടുണ്ട്. വരുമാനചോർച്ച തടയുന്നതിനും കൃത്യത പാലിക്കുന്നതു ഉറപ്പു വരുത്താനും ലൈൻ ഇൻസ്പെക്ഷൻ വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. ദീർഘദൂരസർവ്വീസുകളുടെ കാര്യക്ഷമമായ ഓപ്പറേഷനുവേണ്ടി പുതിയ ബസ്സുകൾ ഇത്തരം സർവീസുകൾക്കായി വിനിയോഗിക്കുന്നതാണ്. നാഷണൽ ഹൈവേ, എം.സി.റോഡ് എന്നിവയിലൂടെ കൂടുതൽ ദീർഘദൂര സർവ്വീസുകൾ ഏർപ്പെടുത്തുന്നതാണ്. കണ്ണൂർ - കാസർഗോഡ് കോട്ടയം-കുമിളി, പാലക്കാട് തൃശ്ശൂർ - കായംകുളം- പുനലൂർ-കുളത്തുപ്പുഴ എന്നീ ദേശസാൽകൃത മേഖലയിൽ സ്വകാര്യ മേഖലയെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് സർവ്വീസുകൾ നടത്തുന്നതാണ്. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വീസുകൾ എ,ബി,സി,ഡി, വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്. കൂടുതൽ വരുമാനം ലഭിക്കുന്ന എ,ബി. വിഭാഗത്തിലെ സർവ്വീസുകൾ മുടക്കം കൂടാതെ ഓപ്പറേറ്റ് ചെയ്യാൻ നടപടികളെടുത്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ബസ് ക്രൂ മാരേജ് ആണ് ഒരു പദ്ധതി. ഇതനുസരിച്ച് സ്ഥിരമായി ഓപ്പറേറ്റ് ചെയ്യാൻ കഴിയുന്ന സർവ്വീസുകൾക്ക് രണ്ട് ഡ്രൈവർമാരെയും രണ്ടു കണ്ടക്ടർമാരെയും സ്ഥിരമായി അലോട്ട് ചെയ്യുകയെന്നതാണ്. കൂടാതെ ഒരു വണ്ടിക്ക് ഒന്ന് എന്ന രീതിയിൽ മെക്കാനിക്കൽ സ്റ്റാഫിനെയും അനുവദിക്കും. ഒരു ബസ്സിന്റെ പൂർണ്ണ ചുമതല ഈ ടീമിനായിരിക്കും. വരു

LIBRARY ARCHIVES Kerala Legislative Assembly